(സി) മുല്ലപ്പെരിയാർ പാട്ടക്കരാറിന്റെ കാലാവധി 999 വർഷവും ശിരുവാണി കുടിവെള്ള പദ്ധതിക്കരാറിന്റെ കാലാവധി 99 വർഷവും ആണ്. പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. ഈ കരാർ 30 വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 1988-ൽ തുടങ്ങിയ പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ പുനരവലോകന നടപടികൾ ഇപ്പോൾ അവസാന ഘട്ടത്തിലെത്തിയിരിക്കുകയാണ്.

(ഡി) പറമ്പിക്കുളം-ആളിയാർ കരാറിലെ ചില വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുനരവലോകനത്തിന് നിയോഗിച്ച വിദഗ്ധ സമിതിയുടെ കേരള പ്രതിനിധികൾ ഇവയെല്ലാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കൂടാതെ കഴിഞ്ഞ 30 വർഷത്തെ ജലലഭ്യതയുടെ കണക്കുകൾ സമാഹരിച്ച് പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ ഓരോ ബേസിനുകളുടെയും വൃഷ്ടി പ്രദേശത്ത് നിന്നും പദ്ധതി വിഭാവനം ചെയ്ത കാലത്ത് പ്രതീക്ഷിച്ചതിലും അധികം വരുന്ന ജലത്തിന്റെ ഓഹരി തരണമെന്നും കൂടാതെ കേരള ഷോളയാറിലെ ജലനിരപ്പു കരാറിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ നിശ്ചിത തീയതികളിൽ നിശ്ചിത ചെലവുകളിൽ നിലനിർത്തണമെന്നും പുനരവലോകന ചർച്ചകളിൽ കേരളം തമിഴ്നാടിനോട് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. കരാറിൽ മാറ്റം വരുത്തണമെങ്കിൽ അതിന് രണ്ട് സംസ്ഥാനങ്ങളുടെയും സമ്മതം ആവശ്യമാകയാൽ ഉഭയസമ്മതമുള്ള മാറ്റങ്ങൾ മാത്രമെ കരാറിൽ ഉൾക്കൊള്ളിക്കുവാൻ സാധിക്കുകയുള്ളു.

(ഇ) പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറനുസരിച്ച് ഓരോ വർഷവും നമുക്കു കിട്ടേണ്ട ജലത്തിൽ കുറവു വരുന്ന പക്ഷം ആ കുറവു അടുത്ത വർഷത്തേക്കുള്ള അർഹതപ്പെട്ട ജലത്തിനോടുകൂടി കണക്കാക്കുന്നതിനാൽ വെള്ളം നഷ്ടപ്പെടുന്നില്ല.

(എഫ്) ബാധകമല്ല.

(ജി) ധവള പത്രം ഇറക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ആണവ വൈദ്യുത നിലയം

*16 [46] ശ്രീ. വി. ബാലറാം :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പി. ടി. തോമസ് :
,, പ്രയാർ ഗോപാലകൃഷ്ണൻ :
,, ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആണവ വൈദ്യുത നിലയം സ്ഥാപിക്കുവാനുള്ള നിർദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിനുവേണ്ടി ഏതെല്ലാം സ്ഥലങ്ങൾ പരിശോധിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ആണവ വൈദ്യുത നിലയം സ്ഥാപിക്കാൻ അനുയോജ്യമായ ഭൂപ്രദേശത്ത് ജനാധിവാസം ഉൾപ്പെടെയുള്ള കാര്യങ്ങൾ എപ്രകാരമാണെന്ന് വിശദമാക്കാമോ;

(ഡി) ആണവ വൈദ്യുത നിലയം സംസ്ഥാനത്ത് എവിടെ സ്ഥാപിക്കുവാനാണ് സാധ്യതയുള്ളതെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ ആന്റ് ബി) സംസ്ഥാനത്ത് ആണവ നിലയം സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലത്തെപ്പറ്റി പഠനം നടത്താൻ ചുമതലപ്പെടുത്തിയ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ തൃശ്ശൂർ ജില്ലയിലെ ആതിരപ്പള്ളി, പാലക്കാട് ജില്ലയിലെ പുട്ടൂർ, കാസർഗോഡ് ജില്ലയിലെ ബേല്ലൂർ, രാജപുരം എന്നീ സ്ഥലങ്ങൾ ശുപാർശ ചെയ്തിട്ടുണ്ട്.

(സി) ആണവ നിലയം സ്ഥാപിക്കുന്നതിന് ന്യൂക്ലിയർ പവർ കോർപ്പറേഷൻ നിർദ്ദേശിച്ച മാർഗ്ഗരേഖ താഴെ പറയുന്നവയാണ്.

1. ജല ലഭ്യത
2. കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി വനം വകുപ്പിൽ നിന്നും അനുയോജ്യമായ സ്ഥലത്തിനുള്ള അനുമതിയും എനർജി റഗുലേറ്ററി ബോർഡിൽ നിന്നും സുരക്ഷ സംബന്ധമായ അനുമതിയും.
3. ധനവിഭവ സാധ്യത.
4. ആണവനിലയം സ്ഥാപിതമാവുന്ന സ്ഥലത്തിന് 05 കി. മീ. ചുറ്റളവിൽ ജനവാസം 20,000-ൽ താഴെയായിരിക്കുന്നത് അഭികാമ്യമാണ്. ജനവാസം 10,000 വരെയുള്ള സ്ഥലത്ത് നിന്നും 10 കി. മീറ്ററും, 1,00,000 ജനവാസമുള്ള സ്ഥലത്ത് നിന്ന് 30 കി. മീ.-ഉം ദൂരത്തിലുള്ള സ്ഥലവുമാണ് അഭികാമ്യമായിട്ടുള്ളത്.

(ഡി) പ്രാഥമിക പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ ആതിരപ്പള്ളി, പുട്ടൂർ, ബേല്ലൂർ, രാജപുരം എന്നീ സ്ഥലങ്ങളാണ് ശുപാർശ ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly